ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 12.08.2026 TIME : 07.25 PM

# പ്രധാന വാർത്തകൾ

1. കേരള പുനർനാമകരണ ബില്ലിന് പാർലമെൻറിൻറെ അംഗീകാരം. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

   **Parliament approves The Kerala (Alteration of Name) Bill, 2026. Amid opposition protests over the NEET issue, the Lok Sabha passed the Mines and Minerals Amendment Bill. Both houses adjourned for the day.**

2. നീറ്റ് ഉൾപ്പെടെ ഏത് വിഷയത്തിലും ചർച്ചയ്ക്ക് തയ്യാറാണെന്ന് ചൂണ്ടിക്കാട്ടി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ലോക്സഭാ സ്പീക്കർക്ക് കത്ത് നൽകിയതായി കേന്ദ്രമന്ത്രി കിരൺ റിജിജു.

   **Union Minister Kiren Rijiju stated that Union Home Minister Amit Shah has submitted a letter to the Lok Sabha Speaker, expressing readiness for discussion on any issue, including NEET.**

3. 80-ാം സ്വാതന്ത്ര്യ ദിനാഘോഷങ്ങളുടെ ഒരുക്കങ്ങൾ രാജ്യമെമ്പാടും പുരോഗമിക്കുന്നു. ഹർഘർ തിരംഗ പ്രചാരണത്തിന് മികച്ച പ്രതികരണം.

   **Preparations for the 80th Independence Day celebrations are progressing across the country. Excellent response to the Har Ghar Tiranga campaign.**

4. ഭാരതീയ വ്യാപാർ മഹോത്സവിന് ന്യൂഡൽഹിയിൽ തുടക്കം. കേന്ദ്രമന്ത്രി പീയുഷ് ഗോയൽ ഉദ്ഘാടനം ചെയ്തു.

**Union Minister Piyush Goyal inaugurated Bharatiya Vyapar Mahotsav in New Delhi.**

5. കേരളത്തിൽ കർക്കടക വാവ് ദിനത്തിൽ പിതൃമോക്ഷ ബലിതർപ്പണം നടത്തി ജനലക്ഷങ്ങൾ.

**Lakhs of people offered Bali Tharpanam across Keralam on the occasion of Karkidaka Vavu.**

6. കോമൺവെൽത്ത് ഫെൻസിംഗ് ചാമ്പ്യൻഷിപ്പിൽ 29 മെഡലുകളുമായി ഇന്ത്യ മുന്നേറ്റം തുടരുന്നു.

**India continues its strong performance at the Commonwealth Fencing Championship, securing a total of 29 medals.**

**PARLIAMENT**

സംസ്ഥാനത്തിന്റെ പേര് ഔദ്യോഗികമായി 'കേരളം' എന്ന് മാറ്റുന്ന പുനർനാമകരണ ബിൽ പാർലമെൻറ് പാസ്സാക്കി. ലോക്സഭ ഇന്നലെ പാസ്സാക്കിയ ബില്ലിന് രാജ്യസഭ ഇന്ന് അംഗീകാരം നൽകുകയായിരുന്നു. കേന്ദ്ര ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ് ആണ് ബിൽ സഭയിൽ അവതരിപ്പിച്ചത്. കേന്ദ്ര മന്ത്രി സുരേഷ് ഗോപി, കേരളത്തിൽ നിന്നുള്ള എം പിമാരായ എ.എ റഹിം, പി. സന്തോഷ് കുമാർ, ഹാരിസ് ബീരാൻ, ജോസ് കെ മാണി തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. നീറ്റ് വിഷയത്തിലെ പ്രതിപക്ഷ ബഹളത്തിൽ ഇരുസഭകളിലും നടപടികൾ ഇന്നും തടസ്സപ്പെട്ടു. ബഹളത്തിനിടെ ഖനി - ധാതു ഭേദഗതി ബില്ലിന് ലോക്സഭ അംഗീകാരം നൽകി. വിദേശ സംഭാവന നിയന്ത്രണ ഭേദഗതി ബിൽ സംയുക്ത പാർലമെൻററി സമിതിക്ക് വിടാൻ

ലോക്സഭയും രാജ്യസഭയും തീരുമാനിച്ചു. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁

**KIRAN RIJIJU (INTRO)**

നീറ്റ് വിദ്യാർത്ഥി സമരം ഉൾപ്പെടെ ഏത് വിഷയത്തിലും വിശദമായ ചർച്ചയ്ക്ക് തയ്യാറാണെന്ന് ചൂണ്ടിക്കാട്ടി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ലോക്സഭാ സ്പീക്കർ ഓം ബിർളയ്ക്ക് കത്ത് നൽകിയതായി പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു. ചോദ്യങ്ങൾക്ക് മറുപടി നൽകാൻ സർക്കാർ പൂർണ്ണ സന്നദ്ധത അറിയിച്ചിട്ടും പ്രതിപക്ഷം ചർച്ചകളിൽ നിന്ന് വിട്ടുനിൽക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ്)

❁❁❁❁❁❁❁❁❁❁❁❁

**PRESIDENT**

2024,25 വർഷങ്ങളിലെ സംഗീത നാടക അക്കാദമി ഫെലോഷിപ്പുകളും അവാർഡുകളും രാഷ്ട്രപതി ദ്രൗപദി മുർമു നാളെ ന്യൂഡൽഹിയിൽ സമ്മാനിക്കും. 115 കലാകാരന്മാർക്കാണ് പുരസ്കാരം. കേന്ദ്രമന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്തും സഹമന്ത്രി റാവു ഇന്ദർജിത് സിംഗും പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁

**PM-BOOK RELEASE**

മുൻ രാഷ്ട്രപതി രാം നാഥ് കോവിന്ദിൻറെ ആത്മകഥ പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ പ്രകാശനം ചെയ്തു. 'ട്രയംഫ് ഓഫ് ദി ഇന്ത്യൻ റിപ്പബ്ലിക്: മൈ ലൈഫ്, മൈ സ്ട്രഗിൾസ്' എന്നതാണ് ആത്മകഥയുടെ പേര്. ശ്രീ രാം നാഥ് കോവിന്ദിൻറെ ജീവിതയാത്രയെക്കുറിച്ച് പഠിക്കാനും, അത് മാതൃകയാക്കാനും യുവതലമുറയോട് പ്രധാനമന്ത്രി അഭ്യർത്ഥിച്ചു.

❁❁❁❁❁❁❁❁❁❁❁❁

**VYAPAR MAHOTSAV - PIYUSH (INTRO)**

ഭാരതീയ വ്യാപാർ മഹോത്സവിന് ന്യൂഡൽഹിയിൽ തുടക്കമായി. കേന്ദ്രമന്ത്രി പീയുഷ് ഗോയൽ പ്രദർശനം ഉദ്ഘാടനം ചെയ്തു. ആത്മനിർഭർ ഭാരതത്തിലേക്കുള്ള മുന്നേറ്റത്തിന് ബഹിരാകാശം, പ്രതിരോധം ഉൾപ്പെടെയുള്ള മേഖലകളിലെ വളർച്ച

ഊർജ്ജമേകുമെന്ന് അദ്ദേഹം പറഞ്ഞു. കഴിഞ്ഞ നാല് വർഷത്തിനിടെ ഒപ്പുവെച്ച സ്വതന്ത്ര വ്യാപാര കരാറുകൾ 60 ട്രില്യൺ ഡോളർ ജി ഡി പിയുള്ള 38 വികസിത രാജ്യങ്ങളെ ഉൾക്കൊള്ളുന്നതായി ശ്രീ പീയുഷ് ഗോയൽ അറിയിച്ചു. (വോയിസ്)

Made in India, Made for India, Made for the World എന്ന പ്രമേയത്തെ ആസ്പദമാക്കിയാണ് നാല് ദിവസത്തെ പ്രദർശനം സംഘടിപ്പിച്ചിരിക്കുന്നത്.

## GOA-BRICS MEETING

ഇന്ത്യയുടെ ബ്രിക്സ് അധ്യക്ഷതയ്ക്ക് കീഴിൽ നടക്കുന്ന ഓഷ്യൻ ആൻഡ് പോളാർ സയൻസ് ആൻഡ് ടെക്നോളജി എട്ടാമത് ബ്രിക്സ് പ്രവർത്തക സമിതി യോഗത്തിന് ഗോവയിൽ തുടക്കമായി. ഭൗമശാസ്ത്ര മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ സെന്റർ ഫോർ പോളാർ ആൻഡ് ഓഷ്യൻ റിസർച്ച് ആതിഥേയത്വം വഹിക്കുന്ന മൂന്ന് ദിവസത്തെ യോഗത്തിൽ സമുദ്രം, ആർട്ടിക് - അൻറാർട്ടിക് പ്രദേശങ്ങളിലെ ഗവേഷണങ്ങൾ തുടങ്ങിയവ ചർച്ചയാകും.

## JPSC AGITATION

ജാർഖണ്ഡിൽ നിയമന പരീക്ഷാ ക്രമക്കേടുകൾക്കെതിരെയുള്ള പരീക്ഷാർത്ഥികളുടെ സമരം 19-ാം ദിവസത്തിലേക്ക് കടന്നു. പരീക്ഷകൾ റദ്ദാക്കിയാൽ മാത്രം മതിയാകില്ലെന്നും, കുറ്റക്കാർക്കെതിരെ കർശന നടപടി വേണമെന്നും വിദ്യാർത്ഥികൾ വ്യക്തമാക്കി. വിഷയത്തിൽ മുഖ്യമന്ത്രി ഹേമന്ത് സോറൻ ചർച്ചയ്ക്ക് തയ്യാറാകണമെന്ന് വിദ്യാർത്ഥികൾ ആവശ്യപ്പെട്ടു. വിഷയത്തിൽ സി.ബി.ഐ അന്വേഷണം വേണമെന്നാണ് പ്രതിപക്ഷത്തിൻറെ ആവശ്യം.

## CBSE - RESULT

സിബിഎസ്ഇ പന്ത്രണ്ടാം ക്ലാസ് സപ്ലിമെൻററി പരീക്ഷാ ഫലം പ്രസദ്ധീകരിച്ചു. results.digilocker.gov.in എന്ന വെബ്സൈറ്റിൽ ഫലം ലഭ്യമാണ്.

## KARKKIDAKAVAVU

കർക്കടക വാവ് ദിനത്തിൽ പിതൃമോക്ഷ പുണ്യം തേടി ലക്ഷക്കണക്കിന് വിശ്വാസികൾ ഇന്ന് ബലിതർപ്പണം നടത്തി. ക്ഷേത്രങ്ങളിലും, ബലിതർപ്പണ കേന്ദ്രങ്ങളിലും വലിയ തിരക്കാണ് അനുഭവപ്പെട്ടത്. പുലർച്ചെ ആരംഭിച്ച തർപ്പണ ചടങ്ങുകൾക്കായി വിപുലമായ ക്രമീകരണങ്ങൾ ഒരുക്കിയിരുന്നു.

## KERALAM-MULLAPERIYAR

മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയും നിലവിലെ സ്ഥിതിയും വിലയിരുത്തുന്നതിനായി അഞ്ചംഗ ഉപസമിതി പരിശോധന നടത്തി. പ്രധാന അണക്കെട്ടിലേയും ചെറിയ ഡാമിലെയും സ്ഥിതിഗതികൾ സംഘം വിലയിരുത്തി. ഘടനാപരമായ സുരക്ഷയും അനുബന്ധ സംവിധാനങ്ങളുടെ പ്രവർത്തന ശേഷിയും പരിശോധിച്ച ശേഷം സമിതി അംഗങ്ങൾ കുമളിയിലെ മുല്ലപ്പെരിയാർ ഓഫീസിൽ യോഗം ചേരും.

## HAR GHAR TIRANGA (INTRO)

സ്വാതന്ത്ര്യ ദിനാഘോഷം അടുത്തതോടെ കേരളത്തിൽ

ഹർ ഘർ തിരംഗ കാമ്പെയിൻറെ ആവേശം ഖാദി വിൽപന ശാലകളിലും ദൃശ്യമാണ്. പോസ്റ്റ് ഓഫിസുകളിലും ഖാദി ഷോറൂമുകളിലുമാണ് ദേശീയ പതാക വിൽപന കൂടുതലായി നടക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.**

**(വോയ്സ്)**

## AIRFORCE BAND

സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി വ്യോമസേനാ ബാൻഡ് ടീം അവതരിപ്പിക്കുന്ന സംഗീത വിരുന്ന് നാളെ തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കും.

സംഗീത വിരുന്നിന്റെ ഫുൾ ഡ്രസ്സ് റിഹേഴ്സൽ ഇന്ന് നടന്നു. തിരുവനന്തപുരം ദക്ഷിണ വ്യോമസേനയുടെ നേതൃത്വത്തിലാണ് ബാൻഡ് പ്രകടനം. കണ്ണൂർ ഏഴിമല നാവിക അക്കാദമിയിലെ നേവി ബാൻഡിന്റെ പ്രത്യേക സംഗീത പരിപാടിയും നാളെ നടക്കും.

❁❁❁❁❁❁❁❁❁❁❁❁

## INDIA –US NAVY

ഇന്ത്യ-യുഎസ് നാവികസേനകളുടെ സംയുക്ത അഭ്യാസപ്രകടനം കൊച്ചിയിലെ ദക്ഷിണ നാവിക കമാൻഡിൽ പുരോഗമിക്കുന്നു. സ്ഫോടകവസ്തു നിർവീര്യമാക്കൽ സംബന്ധിച്ച 5 ദിവസത്തെ അഭ്യാസം വെള്ളിയാഴ്ച സമാപിക്കും.

❁❁❁❁❁❁❁❁❁❁❁❁

## COMMONWEALTH FENCING

നൈജീരിയയിൽ നടക്കുന്ന കോമൺവെൽത്ത് ഫെൻസിംഗ് ചാമ്പ്യൻഷിപ്പിൻറെ മൂന്നാം ദിവസവും ഇന്ത്യ മുന്നേറ്റം തുടരുന്നു. വിവിധ ഇനങ്ങളിലായി മൂന്ന് സ്വർണ്ണവും ഒരു വെള്ളിയും ഒരു വെങ്കലവും ഇന്ത്യ സ്വന്തമാക്കി. ഇതോടെ
8 സ്വർണ്ണവും 7 വെള്ളിയും 14 വെങ്കലവും ഉൾപ്പെടെ ഇന്ത്യയുടെ ആകെ മെഡൽ നേട്ടം 29 ആയി.

❁❁❁❁❁❁❁❁❁❁❁❁

## RAIN KERALA

കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് നാളെ മഞ്ഞജാഗ്രത പ്രഖ്യാപിച്ചു. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ ജില്ലകളിലെ തീര പ്രദേശങ്ങളിൽ നാളെ രാവിലെ മുതൽ ഉച്ചക്ക് ശേഷം 2.30 വരെ കടലാക്രമണത്തിന് സാധ്യത. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

❁❁❁❁❁❁❁❁❁❁❁❁

## T SIDDHIQUE

വെള്ളപ്പൊക്കത്തിൽ സംസ്ഥാനത്ത് 129 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് മന്ത്രി ടി.സിദ്ദിഖ്. നഷ്ടം സംഭവിച്ച കർഷകർക്ക് വിത്തും നടിൽ വസ്തുക്കളും സൗജന്യമായി നൽകുമെന്നും അദ്ദേഹം അറിയിച്ചു. കൃഷി നാശത്തിൻ്റെ കണക്കെടുപ്പ് വേഗത്തിൽ പൂർത്തിയാക്കുമെന്നും കൃഷിമന്ത്രി പറഞ്ഞു.

## SENSEX+GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 187 പോയിന്റ് ഇടിഞ്ഞ് 77,966 നിഫ്റ്റി 35 പോയിന്റ് നഷ്ടത്തിൽ 24,435 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണ വില കൂടി. പവന് 760 രൂപ വർദ്ധിച്ച് ഒരു ലക്ഷത്തി 13,560 രൂപയും ഗ്രാമിന് 14,195 രൂപയുമാണ് ഇന്നത്തെ വില.

## PIB-FACT CHECK

ആദായനികുതി വകുപ്പിന്റെ പേരിലുള്ള വ്യാജ സന്ദേശത്തിനെതിരെ മുന്നറിയിപ്പുമായി കേന്ദ്ര സർക്കാർ. നികുതി ഇനത്തിൽ 6,000 രൂപ അടയ്ക്കാൻ ആവശ്യപ്പെടുന്ന നോട്ടീസുകൾ വ്യാജമാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധനാ വിഭാഗം അറിയിച്ചു. ഇതൊരു ഓൺലൈൻ തട്ടിപ്പാണെന്നും, നികുതി സംബന്ധമായ വിവരങ്ങൾക്ക് ഔദ്യോഗിക വെബ്സൈറ്റുകളെ മാത്രം ആശ്രയിക്കണമെന്നും പി ഐ ബി വ്യക്തമാക്കി.

## IAF-UDARA SHAKTI

ഇന്ത്യ-മലേഷ്യ സംയുക്ത വ്യോമസേനാ അഭ്യാസം ഉദാര ശക്തിക്ക് മലേഷ്യയിലെ സുബാംഗ് എയർബേസിൽ തുടക്കമായി. ഇരുവ്യോമസേനകളും തമ്മിലുള്ള ഏകോപനവും പ്രവർത്തനശേഷിയും വർദ്ധിപ്പിക്കുകയാണ് വ്യോമാഭ്യാസത്തിൻ്റെ ലക്ഷ്യം.

## PRASAR BHARATHI

പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട്-ചെക്കിംഗ്, പൊതുജനസേവന പ്രക്ഷേപണം, ഡിജിറ്റൽ മീഡിയ നിയന്ത്രണങ്ങൾ എന്നിവയിലൂടെ വിശ്വസനീയമായ വിവര വിനിമയം കേന്ദ്ര സർക്കാർ ശക്തമാക്കുന്നു. ഈ ലക്ഷ്യം നിറവേറ്റുന്നതിൽ പ്രസാർ ഭാരതി പ്രധാന പങ്കുവഹിക്കുന്നുണ്ട്. സർക്കാർ പദ്ധതികളെയും നയങ്ങളെയും കുറിച്ചുള്ള വ്യാജ വാർത്തകൾ തടയുന്നതിനായി പി.ഐ.ബിയുടെ വസ്തുതാ പരിശോധന വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ദൂരദർശനും ആകാശവാണിയും വാർത്താ ബുള്ളറ്റിനുകൾ, പരിപാടികൾ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ എന്നിവയിലൂടെ സ്ഥിരീകരിച്ച വിവരങ്ങൾ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നു.